ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM | പ്രധാനവാർത്തകൾ | DATE: 12.03.2025

1. ഇന്ത്യാ- മൗറീഷ്യസ് നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയായി പങ്കെടുത്തു.
2. എണ്ണപ്പാട നിയന്ത്രണ ഭേദഗതി ബിൽ പാർലമെൻറ് പാസ്സാക്കി. 2025-26 ലെ ധനാഭ്യർത്ഥനകൾക്ക് അംഗീകാരം നൽകി നിയമസഭ.
3. കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാലുമായി കൂടിക്കാഴ്ച നടത്തി മന്ത്രി എം ബി രാജേഷ്. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള 687 കോടി രൂപ എത്രയും വേഗം അനുവദിക്കണമെന്ന് കൂടിക്കാഴ്ചയിൽ ആവശ്യം.
4. ലോകപ്രശസ്തമായ ആറ്റുകാൽ പൊങ്കാല നാളെ. അനന്തപുരി നിറഞ്ഞ് ഭക്തജന ലക്ഷങ്ങൾ. ഒരുക്കങ്ങൾ പൂർത്തിയായി.
5. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സിയെ നേരിടും.
6. സംസ്ഥാനത്ത് വേനൽമഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**************************************************

## പ്രധാനമന്ത്രി(intro)

മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. മൗറീഷ്യസിൻ്റെ പരമോന്നത ദേശീയ പുരസ്കാരം പ്രസിഡൻ്റ് ധരംബീർ ഗോഖുലിൽ നിന്നും, ശ്രീ മോദി സ്വീകരിച്ചു. ഇന്ത്യ-മൗറീഷ്യസ് ബന്ധം ശക്തിപ്പെടുത്തുന്നതിൽ നൽകിയ അമൂല്യ സംഭാവനകൾക്കാണ് പുരസ്കാരം. ഇരുരാജ്യങ്ങളുടെയും സംയുക്ത സഹകരണത്തിന്റെ പ്രതീകമാണ് പുരസ്കാരമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യാ- മൗറീഷ്യസ് നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

**(വോയിസ് )**

PNU TVPM

ഇന്ത്യൻ സഹായത്തോടെ പൂർത്തിയാക്കിയ 20 സാമൂഹിക വികസന പദ്ധതികളുടെ ഉദ്ഘാടനവും മൗറീഷ്യസ് പ്രധാനമന്ത്രിക്കൊപ്പം ശ്രീ മോദി നിർവഹിച്ചു. വിവിധ മേഖലകളിലെ 8 സുപ്രധാന ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഇന്ന് ഒപ്പുവച്ചു. രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനം പൂർത്തിയാക്കിയ ശേഷം പ്രധാനമന്ത്രി അൽപസമയം മുൻപ് ഇന്ത്യയിലേക്ക് മടങ്ങി.

***************************************************

## പാർലമെൻ്റ്

എണ്ണപ്പാടങ്ങളുടെ നിയന്ത്രണവും വികസനവും സംബന്ധിച്ച ഭേദഗതി ബിൽ പാർലമെൻ്റ് പാസ്സാക്കി. കുറഞ്ഞ ചെലവ്, ലഭ്യത, സുസ്ഥിരത എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള ഊർജ്ജ സുരക്ഷാ നയമാണ് ഇന്ത്യ സ്വീകരിച്ചു വരുന്നതെന്ന് ബില്ലിന്മേലുള്ള ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി ലോക്സഭയിൽ പറഞ്ഞു. രാജ്യസഭയിൽ, റെയിൽവേയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ

ചർച്ച ഇന്ന് നടന്നു. നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ ഇരുസഭകളും തിങ്കളാഴ്ച വീണ്ടും സമ്മേളിക്കും.

**************************************************

## നിയമസഭ

2025-26 കാലയളവിലേക്കുള്ള ധനാഭ്യർത്ഥനകൾ നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കി. കൃഷി, സഹകരണം, വനം, വ്യവസായം, തുറമുഖം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥകളാണ് സഭ ഇന്ന് പാസ്സാക്കിയത്. മന്ത്രിമാരായ സജി ചെറിയാൻ, പി.രാജീവ്, എ.കെ ശശീന്ദ്രൻ, വി.എൻ വാസവൻ എന്നിവർ ചർച്ചയ്ക്ക് മറുപടി നൽകി. നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ സഭ ഇനി ഈ മാസം 17 നാണ് വീണ്ടും സമ്മേളിക്കുക.

**************************************************

## കൂടൽമാണിക്യം-വി.എൻ. വാസവൻ

RNU TVPM

ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് പരീക്ഷയിലൂടെ നിയമിച്ച ജീവനക്കാരനെ കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകത്തിൽ നിന്നും മാറ്റിയ വിഷയത്തിൽ റിപ്പോർട്ട് തേടിയതായി ദേവസ്വം മന്ത്രി വി.എൻ. വാസവൻ. തുടർ നടപടികൾ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സ്വീകരിക്കുമെന്ന് എ. പി അനിൽകുമാറിൻറെ സബ്മിഷന് മറുപടിയായി മന്ത്രി നിയമസഭയിൽ പറഞ്ഞു. നിയമന ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന ജോലി ജീവനക്കാരൻ നിർവ്വഹിക്കണ മെന്നാണ് സർക്കാരിൻറെ നിലപാടെന്നും മന്ത്രി വ്യക്തമാക്കി.

**************************************************

## മനോഹർ ലാൽ - എം ബി രാജേഷ്

കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാലുമായി മന്ത്രി എം ബി രാജേഷ് കൂടിക്കാഴ്ച നടത്തി. കേരളത്തിലെ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള 687 കോടി രൂപ എത്രയും വേഗം അനുവദിക്കണമെന്ന് കേന്ദ്രമന്ത്രിയോട് കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടു. പിഎംഎവൈ പദ്ധതി പ്രകാരം വീട് ലഭിക്കുന്ന ഗുണഭോക്താക്കൾ, വീടിനു മുന്നിൽ ലോഗോ

പതിക്കണമെന്ന കേന്ദ്ര നിർദ്ദേശം പിൻവലിക്കണമെന്ന് കേരളത്തിന്റെ ആവശ്യം ചർച്ച ചെയ്യാമെന്ന് ശ്രീ മനോഹർലാൽ അറിയിച്ചു.

**************************************************

## ആറ്റുകാൽ പൊങ്കാല (ഇൻട്രോ)

ലോകപ്രശസ്തമായ ആറ്റുകാൽ പൊങ്കാല നാളെ. എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞു. ഭക്തജന പ്രവാഹമാണ് തിരുവനന്തപുരം നഗരത്തിൽ ദൃശ്യമാവുന്നത്. പൊങ്കാലയ്ക്കായി വിപുലമായ സൗകര്യങ്ങൾ അധികൃതർ ഒരുക്കിയിട്ടുണ്ട്. വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........

**(വോയിസ്)**

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയ്ക്ക് നാളെ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

**************************************************

## കഠിനമായ ചൂട്-മന്ത്രി വീണാ ജോർജ്

ആറ്റുകാൽ പൊങ്കാലയോട് അനുബന്ധിച്ച് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ മന്ത്രി വീണാ ജോർജ് വിലയിരുത്തി. സംസ്ഥാനത്ത് ചൂട് വളരെ കൂടുതലായതിനാൽ പൊങ്കാലയിടുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മന്ത്രി പറഞ്ഞു. ക്ഷീണം, തലവേദന, തലകറക്കം, ശ്വാസതടസം തുടങ്ങിയവ ഉണ്ടായാൽ തണലത്തേക്ക് മാറുകയും വൈദ്യസഹായം തേടുകയും വേണമെന്നും മന്ത്രി നിർദ്ദേശിച്ചു.

**************************************************

## പൊങ്കാല കെ എസ് ഇ ബി

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് സുരക്ഷാ നിർദ്ദേശങ്ങൾ നൽകി കെ എസ് ഇ ബി. പൊങ്കാല ഇടുന്ന ഭക്തർ ട്രാൻസ്ഫോർമറുകൾ, അനുബന്ധ ഉപകരണങ്ങൾ, പോസ്റ്റുകളിൽ ഘടിപ്പിച്ചിരിക്കുന്ന ഫ്യൂസ് യൂണിറ്റുകൾ എന്നിവയിൽ നിന്നും സുരക്ഷിത അകലം

RNU TVPM

പാലിക്കണം. വൈദ്യുതി പോസ്റ്റിന് ചുവട്ടിൽ പൊങ്കാലയിടരുതെന്നും പോസ്റ്റുകളിൽ അലങ്കാര വസ്തുക്കൾ സ്ഥാപിക്കാൻ പാടില്ലെന്നും കെ.എസ്.ഇ.ബി. അറിയിച്ചു.

**************************************************

## മകം തൊഴൽ

ചോറ്റാനിക്കര ക്ഷേത്രത്തിലെ അതിപ്രശസ്തമായ മകം തൊഴൽ തുടരുന്നു. ആയിരങ്ങളാണ് ദേവിയുടെ അനുഗ്രഹം തേടി ചോറ്റാനിക്കരയിൽ
എത്തിക്കൊണ്ടിരിക്കുന്നത്. ദർശനം രാത്രി 9.30 വരെ തുടരും.

**************************************************

## അപകടത്തിപ്പെട്ടു. ഒരാൾ മരിച്ചു.

മാനന്തവാടി വള്ളിയൂർക്കാവിൽ പോലീസ് ജീപ്പ് അപകടത്തിൽപ്പെട്ട് ഒരാൾ മരിച്ചു. വഴിയോരകച്ചവടം നടത്തിവന്നിരുന്ന തോട്ടുങ്കൽ ശ്രീധരൻ മരിച്ചത്. രണ്ട് പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ മൂന്ന് പേർക്ക് അപകടത്തിൽ പരിക്കേറ്റു. കണ്ണൂർ ജയിലിൽ നിന്നും ബത്തേരി കോടതിയിലേക്ക് പ്രതിയുമായി പോയ വാഹനമാണ് മഴയിൽ തെന്നി മറിഞ്ഞത്.

RNUTVPM

**************************************************

## ഏറ്റുമാനൂർ ആത്മഹത്യ

ഏറ്റുമാനൂർ പാറോലിക്കൽ സ്വദേശി ഷൈനിയുടെയും, മക്കളുടെയും ആത്മഹത്യയിൽ, ഷൈനിയുടെ ഭർത്താവായ നോബി ലൂക്കോസിന്റെ ജാമ്യാപേക്ഷ തള്ളി. ഏറ്റുമാനൂർ മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി. നോബി ലൂക്കോസിനെ പൊലീസ് കസ്റ്റഡിയിൽ വിട്ടു.

**************************************************

## ഡിജിയാത്ര

കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഡിജിയാത്ര പദ്ധതിയിൽ തിരുവനന്തപുരം, മംഗളൂരു അന്താരാഷ്ട്ര വിമാനത്താവളങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതായി അദാനി എയർപോർട്ട്സ് ലിമിറ്റഡ്. മുഖം തിരിച്ചറിയൽ സാങ്കേതിക

വിദ്യയിലൂടെ യാത്രക്കാർക്ക് പേപ്പർരഹിതവും, തടസ്സരഹിതവുമായ യാത്രാനുഭവം ഡിജിയാത്രയിലൂടെ ലഭിക്കും. വിവിധ ടച്ച് പോയിൻറുകളിലെ കാത്തിരിപ്പ് സമയം കുറയ്ക്കാനും ഡിജിയാത്ര സഹായിക്കും.

********************************************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഹൈദരാബാദ് എഫ്.സിയെ നേരിടും. തെലങ്കാനയിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. പ്ലേ ഓഫ് സാധ്യത അവസാനിച്ച കേരളത്തിൻറെ ലീഗിലെ അവസാന മത്സരമാണിത്. മോഹൻബഗാൻ, എഫ്.സി ഗോവ, ജംഷഡ്പുർഎഫ്.സി, നോർത്ത് ഈസ്റ്റ് യുണൈറ്റിഡ്, ബംഗളുരു, മുംബൈ സിറ്റഇ എന്നിവയാണ് പ്ലേ ഓഫിൽ സ്ഥാനം പിടിച്ച ടീമുകൾ.

********************************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളതീരത്ത് ഇന്നും, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കന്യാകുമാരി തീരത്ത് ഇന്ന് ശക്തമായ തിരമാലയ്ക്കും സാധ്യതയുണ്ട്.

********************************************************

## തൃക്കടവൂർ ശിവരാജു

ദഹന സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സയിലായിരുന്ന തൃക്കടവൂർ ശിവരാജുവെന്ന ആനയെ ഒരാഴ്ച ഉത്സവങ്ങൾക്ക് കൊണ്ട് പോകരുതെന്ന് കൊല്ലം ജില്ലാ വെറ്ററിനറി ഡോക്ടർമാരുടെ വിദഗ്ധസംഘം നിർദേശിച്ചു. ഏക്കത്തുകയിൽ റെക്കോർഡ്

RNU TVPM

ഉള്ള ആനയെ ആരോഗ്യസ്ഥിതി കണക്കിലെടുക്കാതെ ഉത്സവങ്ങൾക്ക് കൊണ്ടുപോകുന്നതിൽ നാട്ടുകാർ പ്രതിഷേധിച്ചതിനെ തുടർന്നാണ് നടപടി. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള കൊല്ലം തൃക്കടവൂർ മഹാദേവർ ക്ഷേത്രത്തിലെ ആനയാണ് ശിവരാജു.

******************************************************

## ആന എഴുന്നള്ളിപ്പ്- കോഴിക്കോട്

കോഴിക്കോട് ബാലുശ്ശേരിയിൽ അനുമതിയില്ലാതെ ആനയെ എഴുന്നള്ളിച്ച് ഉത്സവം സംഘടിപ്പിച്ച അമ്പല കമ്മിറ്റിക്കും ഉത്സവ നടത്തിപ്പുകാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കാൻ എലിഫൻ്റ് വെൽഫെയർ കമ്മിറ്റി തീരുമാനം. ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗമാണ് തീരുമാനം കൈക്കൊണ്ടത്.

******************************************************

## വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ ഫെസ്റ്റ്

'വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ ഫെസ്റ്റ് തിരുവനന്തപുരം കനകക്കുന്നിൽ ഈ മാസം 16, 17 തീയതികളിൽ നടക്കും. ഉദ്ഘാടനം മന്ത്രി ആർ ബിന്ദു നിർവഹിക്കും. ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള 'അനന്യം' കലാസംഘത്തിൻ്റെ ആദ്യ അവതരണവും ഇതോടനുബന്ധിച്ച് നടക്കും.

******************************************************

## വീണാ ജോർജ്- ഹെൽത്ത് കാർഡ്

ആരോഗ്യമുള്ള തലമുറകൾക്കായുള്ള സർക്കാരിൻ്റെ നിക്ഷേപമാണ് വിദ്യാർത്ഥികൾക്കുള്ള ഹെൽത്ത് കാർഡെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഹെൽത്ത് കാർഡ് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കാർഡിൽ ഉൾപ്പെടുത്തുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി 12-ാം ക്ലാസുവരെയുള്ള കുട്ടികളുടെ ആരോഗ്യാവസ്ഥ സർക്കാർ

RINU TVPM

സമഗ്രമായി നിരീക്ഷിച്ച് കുറവുകളുണ്ടെങ്കിൽ പരിഹരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

*******************************************************

*************************************

**********************

RNU TVPM